# സിഹ്റിന്റെ ഹദീഥ്:
# ഉമർ മൗലവിയുടെ പേരിൽ ആരോപണം

മുബാറക് ബിൻ ഉമർ

''കെ.പി.മുഹമ്മദ് മൗലവി-ജീവിതവും ദൗത്യവും' എന്ന പേരിൽ യുവത ബുക്ഹൗസ് ഒരു പുസ്തം ഇറക്കിയിട്ടുണ്ട്. അതിൽ മുഹമ്മദ് കുട്ടശ്ശേരിയുടെ ലേഖനത്തിൽ ഉമർ മൗലവിയെപ്പറ്റി ഒരാരോപണമുണ്ട്''-ഏതാനും ദിവസങ്ങൾക്കു മുമ്പ് മുജാഹിദ് ബാലുശ്ശേരി ഫോൺ ചെയ്ത് പറഞ്ഞു.

അങ്ങനെയൊരു പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടതു തന്നെ ഞാനറിഞ്ഞിട്ടില്ല. പുസ്തകം സംഘടിപ്പിച്ചു; വായിച്ചു. എന്റെ പിതാവ് ഉമർ മൗലവിയെ സംബന്ധിച്ചുള്ള ആരോപണം മനസ്സിലായി. 2010ലാണ് പുസ്തകം പ്രസാധനം ചെയ്യപ്പെട്ടിരിക്കുന്നത്. നാൽപതോളം ലേഖകരുടെ ഓർമക്കുറിപ്പുകളും ലേഖനങ്ങളുമാണ് അതിലുള്ളത്. കൂട്ടത്തിൽ പി. മുഹമ്മദ് കുട്ടശ്ശേരി എഴുതിയ 'കെ.പിയും സമൂഹവും' എന്ന ഒരു ലേഖനമുണ്ട്.

1980കളുടെ ആരംഭത്തിൽ നിരീശ്വരവാദികളുടെ കടുത്ത ഇസ്‌ലാം വിമർശനമുണ്ടായി. അതിന് ഖണ്ഡനമെഴുതാൻ വേണ്ടി ഫാറൂഖ് റൗദതുൽ ഉലൂം അറബിക്കോളേജിൽ ഒരു കൂടിയാലോചന നടന്നു. വിശദമായ ചർച്ചയിൽ നബിﷺക്ക് സിഹ്ർ ബാധിച്ചു എന്ന് പറയുന്ന ഹദീഥിനെപ്പറ്റി പരാമർശമുണ്ടായി. കുട്ടശ്ശേരി എഴുതുന്നു: ''സിഹ്ർ ബാധിച്ചു എന്ന ഹദീഥ് എന്തുചെയ്യണം എന്നേടത്ത് ചർച്ച വഴിമുട്ടി. ഈ ഹദീഥിലെ പരാമർശം ഒരു നബിﷺയുടെ പവിത്രതക്ക് നിരക്കാത്തതും ക്വുർആനിന്റെ വ്യക്തമായ പ്രസ്താവനക്ക് വിരുദ്ധവുമായതിനാൽ സ്വീകാര്യമല്ല എന്ന് ചിലർ വാദിച്ചു. ഈ അഭിപ്രായത്തെപ്പറ്റി ഉമർ മൗലവി എന്തു പറയുന്നു എന്നായി പിന്നെ ചോദ്യം. അതിനോട് അദ്ദേഹം യോജിക്കുകയാണുണ്ടായത്. കെ.പിയും അതിനെ അനുകൂലിച്ചു. കാരണം കെ.പി കടുംപിടുത്തക്കാരനായിരുന്നില്ല. പ്രായോഗിക ചിന്തയാണ് അദ്ദേഹത്തിൽ മികച്ചുനിന്നിരുന്നത്. ഉമർ മൗലവി സുഊദി അറേബ്യയിൽ പഠിക്കുകയും വളരെ വർഷങ്ങൾ അവിടെ കഴിച്ചുകൂട്ടുകയും ചെയ്തിരുന്നുവെങ്കിലും അവിടുത്തെ പണ്ഡിതന്മാരുടെ വിവാദപരമായ ആശയങ്ങൾ കേരളത്തിൽ പ്രചരിപ്പിക്കാൻ ശ്രമിച്ചിരുന്നില്ല'' (കെ.പി.മുഹമ്മദ് മൗലവി-ജീവിതവും ദൗത്യവും, പേജ് 61).

സിഹ്റിന് യാഥാർഥ്യമില്ല, വെറും ചെപ്പടിവിദ്യ മാത്രമാണത് എന്ന് പറയുന്ന പലരുമുണ്ട്. പതിറ്റാണ്ടുകൾക്കു മുമ്പ് കേരള ജംഇയ്യത്തുൽ ഉലമയിൽ ഇതിനെപ്പറ്റി ദീർഘമായ ചർച്ച നടന്നതായി ഞാനോർക്കുന്നു. മുഹമ്മദ് നബിﷺക്ക് സിഹ്ർ ബാധിച്ചു എന്ന സ്വഹീഹുൽ ബുഖാരിയിൽ വന്ന ഹദീഥ് സ്വീകരിക്കാൻ പാടില്ല എന്ന് വാദിക്കുന്ന ചിലർ മുമ്പുണ്ടായിരുന്നു; ഇപ്പോഴുമുണ്ട്. ബുദ്ധിക്ക് പ്രമാണങ്ങളെക്കാൾ മുൻഗണന നൽകുന്നവരാണ് അക്‌ലാനികൾ. അവർ ഇതുപോലെ പലതിനെയും നിഷേധിക്കുന്നവരാണ്. മടവൂർ വിഭാഗം പണ്ഡിതന്മാരിൽ പലരും അത്തരക്കാരാണ് എന്നാണനുഭവം. കെ.എൻ.എം പണ്ഡിതന്മാരിലു പ്രഭാഷകരിലും അത്തരക്കാരുണ്ട് എന്നതും രഹസ്യമല്ല.

മരണപ്പെട്ടുപോയ സാത്വികരായ പണ്ഡിതരെയും നേതാക്കളെയും അക്കൂട്ടത്തിൽ പെടുത്താനാണിവരുടെ ശ്രമം. എന്തായിരിക്കും ഇതിന്റെ ലക്ഷ്യം? കെ.പിയും ഉമർ മൗലവിയും 'ഞമ്മന്റെ ആൾക്കാരായിരുന്നു' എന്ന് വരുത്തിയാൽ മടവൂർ വിഭാഗത്തിന്റെ മൈലേജ് കൂടുമോ ആവോ?!

കെ.ഉമർ മൗലവിയും കെ.പി. മുഹമ്മദ് മൗലവിയും നബിﷺക്ക് സിഹ്ർ ബാധിച്ചു എന്ന ബുഖാരിയിലെ ഹദീഥ് നിഷേധിക്കുന്നവരുടെ കൂട്ടത്തിലായിരുന്നു എന്നാണ് കുട്ടശ്ശേരി എഴുതിയിരിക്കുന്നത്. രണ്ടു പേരും ഇന്ന് ജീവിച്ചിരിപ്പില്ല. ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ ചോദിച്ചറിയാമായിരുന്നു എന്ന് പറയുന്നതിലും അർഥമില്ല. എന്നാൽ ഉമർ മൗലവി തർജുമാനുൽ ക്വുർആനിൽ വിഷയം ഭംഗിയായി വ്യക്തമാക്കിയിട്ടുണ്ട്. ബുഖാരിയിൽ സ്വീകരിക്കാൻ പറ്റാത്ത ഹദീഥുകളുണ്ടെന്ന വാദത്തെ അതിൽ ഖണ്ഡിക്കുന്നുണ്ട്. സൂറതുൽ ഇസ്‌റാഅ് 47ാം ആയത്തിന്റെ വ്യാഖ്യാനത്തിൽ ഉമർ മൗലവി എഴുതുന്നത് കാണുക:

''ഇവിടെ ഒരു കാര്യം ഉണർത്തേണ്ടിവന്നിരിക്കുന്നു. സ്വഹീഹുൽ ബുഖാരിയിൽ കള്ള ഹദീഥ് അകപ്പെട്ടിട്ടുണ്ടെന്ന് സ്ഥാപിക്കാൻ താൽപര്യമുള്ള ചില ആളുകളുണ്ട്. പരിശുദ്ധ ക്വുർആനിനെതിരായ ഹദീഥ് കളവായിരിക്കാനേ നിവൃത്തിയുള്ളൂ. ഈ തത്ത്വത്തിൽ അഭിപ്രായ വ്യത്യാസമില്ല. ഒരു യഹൂദി നബിﷺക്ക് മാരണം ചെയ്തു എന്ന ഒരു ഹദീഥ് ബുഖാരിയിലുണ്ട്. ഈ ആയത്തിൽ നബിﷺക്ക് സിഹ്ർ ഏൽക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്ന് അവർ പറഞ്ഞു. അപ്പോൾ ആ ഹദീഥ് കളവാണെന്ന് പറയാൻ സൗകര്യപ്പെട്ടല്ലോ. അങ്ങനെ സ്വഹീഹുൽ ബുഖാരിക്ക് മുസ്‌ലിം സമുദായത്തിലുള്ള അംഗീകാരം തെറ്റാണെന്ന് വന്നല്ലോ. ഇതാണീ ദുർബുദ്ധികളുടെ ഉന്നം. യഥാർഥത്തിൽ ഇവിടത്തെ വിഷയം സിഹ്ർ ബാധിച്ച ഒരു മനുഷ്യൻ ബുദ്ധിശൂന്യമായി എന്തൊക്കെയോ പറയുന്നത് അന്ധമായി സ്വീകരിച്ചവരാണ് നബിﷺയുടെ അനുയായികൾ എന്ന് അക്രമികൾ ജൽപിച്ചു. അങ്ങനെയൊന്ന് ഉണ്ടായിട്ടില്ലെന്നത് പച്ചപ്പരമാർഥമാണ്. എന്നാൽ ഒരു മഹാദുഷ്ടൻ സിഹ്റ് ചെയ്തു. അല്ലാഹു അത് നിഷ്ഫലമാക്കി എന്നാണ് ഹദീഥിലുള്ളത്. ഇത് തമ്മിലെന്താണ് പൊരുത്തക്കേട്? യാതൊന്നുമില്ല. സിഹ്റ്

ബാധിച്ചിട്ട് ബുദ്ധിശൂന്യമായി പറയുന്നത് ആളുകൾ പിൻപറ്റി എന്ന് വന്നാൽ മാത്രമെ ദോഷമുള്ളൂ. അങ്ങനെ ഹദീഥിലില്ല. ഒരു ദുഷ്ടനായ യഹൂദി സിഹ്റ് ചെയ്തു എന്നും അല്ലാഹു അത് നിഷ്ഫലമാക്കുകയും ചെയ്തു എന്നുമാണ് ഹദീഥിലുള്ളത്. അത് ക്വുർആനിലെ ഈ വചനത്തിന് എതിരാകുന്നില്ല. ആ ഒരൊറ്റ പദമെടുത്തിട്ട് ഈ ഹദീഥ് ക്വുർആനിനെതിരാണെന്ന് വാദിക്കുന്നത് ശരിയല്ല. അങ്ങനെ വാദിക്കാമെന്ന് വരുന്നപക്ഷം പുരുഷൻ എന്ന പദത്തെയും കണക്കിലെടുക്കേണ്ടിവരും. നബിﷺ പുരുഷനാണെന്നുറപ്പാണല്ലോ. അപ്പോൾ അത് ക്വുർആനിനെതിരാകുമോ? സ്വഹീഹുൽ ബുഖാരിയിൽ കള്ളഹദീഥുണ്ടെന്ന് ജൽപിക്കാനുദ്ദേശിക്കുന്നവർ വേറെ വഴി നോക്കേണ്ടിവരും. ഇവിടെ ഈ ആയത്തും ഹദീഥും തമ്മിൽ യാതൊരു  വൈരുധ്യമില്ല.''

അൽഫുർക്വാൻ 8ാം ആയത്തിന്റെ വിശദീകരണത്തിലും ഉമർ മൗലവി വിഷയം ചുരുക്കിപ്പറഞ്ഞിട്ടുണ്ട്. സിഹ്ർ ബാധയേറ്റ ഒരാളെയാണ് നിങ്ങൾ പിൻപറ്റുന്നത് എന്ന സത്യനിഷേധികളുടെ ആരോപണം ക്വുർആൻ ഉദ്ധരിക്കുകയാണ് രണ്ട് ആയത്തിലും. ഉമർ മൗലവിയുടെ വിശദീകരണം എത്ര വ്യക്തമാണ്. എന്നിട്ട് കുട്ടശ്ശേരി പറയുന്നതോ? അദ്ദേഹം, ഉമർ മൗലവി പറഞ്ഞതായി കേട്ടു എന്ന നിലക്കാണ് എഴുതിയിട്ടുള്ളത്.

കുട്ടശ്ശേരി എഴുതിയത് അംഗീകരിച്ചാൽ ഉമർ മൗലവിക്ക് ഈ വിഷയത്തിൽ രണ്ടു നിലക്കുള്ള അഭിപ്രായമുണ്ടായിരുന്നു എന്ന് വരും. പരസ്പര വിരുദ്ധമായ അഭിപ്രായങ്ങൾ! അല്ലെങ്കിൽ, മൗലവി ആദ്യം ഒരഭിപ്രായം പറഞ്ഞു ; പിൽക്കാലത്ത് അത് മാറ്റിയാണ് ക്വുർആൻ പരിഭാഷയിൽ എഴുതിയത് എന്ന് വരും. കുട്ടശ്ശേരി പറയുന്ന സംഭവം 1980കളുടെ ആദ്യത്തിലാണ്. തർജുമാനുൽ ക്വുർആൻ 1955ൽ അറബിമലയാളത്തിൽ ഇറങ്ങിയിട്ടുണ്ടെങ്കിലും വിശദീകരണസഹിതം മലയാളത്തിലുള്ള അതിന്റെ രചന 1994 മുതൽ 2000 വരെയായിരുന്നു. (1991 മുതൽ 2003 വരെ ഞാൻ നാട്ടിലില്ലായിരുന്നു എന്ന് കൂടി വ്യക്തമാക്കട്ടെ.2000 ഫെബ്രുവരിയിലാണ് ഉമർ മൗലവിയുടെ വേർപാട്).

നബിﷺക്ക് സിഹ്ർ ബാധിച്ചു എന്ന ബുഖാരിയിലെ ഹദീഥിനെ നിഷേധിക്കുന്നവരുടെ കൂടെ ഉമർ മൗലവിയുണ്ടായിരുന്നു എന്നാണല്ലോ കുട്ടശ്ശേരി എഴുതിയത്. തർജുമാനുൽ ക്വുർആനിലാകട്ടെ അതിന് വിരുദ്ധവും. പരിഭാഷയിൽ പറഞ്ഞതുതന്നെയായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

കെ.പിയെ സംബന്ധിച്ച് കുട്ടശ്ശേരി എഴുതിയത് ശരിയാണോ എന്നത് പരിശോധിക്കേണ്ട സംഗതിയാണ്. അതിനെപ്പറ്റി അറിയുന്നവർ സത്യം തുറന്നുപറയട്ടെ.

ഒടുവിൽ സുഊദി പണ്ഡിതന്മാരെ സംബന്ധിച്ച് ഒരാക്ഷേപവും കുട്ടശ്ശേരി ഉന്നയിക്കുന്നുണ്ട്. സുഊദി അറേബ്യയിൽ പഠിക്കുകയും കുറെ കാലം അവിടെ കഴിച്ചുകൂട്ടുകയും ചെയ്തിട്ടുണ്ടെങ്കിലും അവരുടെ വിവാദപരമായ ആശയങ്ങൾ കേരളത്തിൽ പ്രചരിപ്പിക്കാൻ ഉമർ മൗലവി ശ്രമിച്ചിട്ടില്ല എന്നാണ് അദ്ദേഹം എഴുതിയിട്ടുള്ളത്. രണ്ടു സംഗതികളാണിതിലുള്ളത്. സുഊദി പണ്ഡിതർ വിവാദപരമായ ആശയങ്ങൾ ഉള്ളവരാണ് എന്നത് ഒന്ന്! ആ വിവാദങ്ങൾ ഉമർ മൗലവി ഇവിടെ പ്രചരിപ്പിച്ചിട്ടില്ല എന്ന ഗുഡ്സർട്ടിഫിക്കറ്റ് രണ്ട്.

സുഊദി പണ്ഡിതന്മാർക്ക് വിവാദപരമായ എന്തെല്ലാം ആശയങ്ങളാണുള്ളത് എന്ന് കുട്ടശ്ശേരി വ്യക്തമാക്കണം. വിവാദപരമായ ആശയങ്ങളുണ്ടാക്കലാണോ സുഊദി പണ്ഡിതന്മാരുടെ പണി? നബിﷺക്ക് സിഹ്ർ ബാധിച്ചു എന്ന അഭിപ്രായം സുഊദി പണ്ഡിതന്മാർക്കുണ്ട്, ആ നിലപാട് ഉമർ മൗലവിക്ക് ഇല്ല എന്നാണോ കുട്ടശ്ശേരി ഉദ്ദേശിച്ചത്?

ഏതായാലും ഇത്തരം വിവാദപരമായ പരാമർശങ്ങൾ കുട്ടശ്ശേരിയെ പോലൊരു എഴുത്തുകാരനിൽനിന്നുണ്ടായത് ഖേദകരമാണ്. പുസ്തകത്തിലെ ലേഖനം കണ്ടപ്പോൾ ഞാൻ അദ്ദേഹത്തിന് കത്തെഴുതി. ഉമർ മൗലവി മേൽപ്രകാരം പറഞ്ഞത് താങ്കളെ കൂടാതെ ആരൊക്കെയാണ് കേട്ടത്, വേറെ വല്ലവരും ഇതിന് സാക്ഷികളായി ഉണ്ടോ എന്ന് അന്വേഷിച്ചുകൊണ്ടാണ് ഞാൻ കത്തെഴുതിയത്. നാല് പേരുകൾ മറുപടിയിലെഴുതിട്ടുണ്ട്. സി.പി.അബൂബക്കർ മൗലവി, ഡോ. ഉസ്മാൻ, അലി അക്ബർ മൗലവി, മുഹമ്മദ് അബുസ്സലാഹ് മൗലവി എന്നിവർ. നാലും മരണപ്പെട്ടവരാണ്. ജീവിച്ചിരിക്കുന്ന ആരുമില്ല എന്നർഥം. കുട്ടശ്ശേരി കേട്ടപ്പോൾ പിഴച്ചതാകുമോ?

മരണപ്പെട്ടുപോയ സലഫി പണ്ഡിത, നേതാക്കൾ 'ഞമ്മന്റെ ആൾക്കാരായിരുന്നു' എന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം പലരും നടത്തിയത് നമുക്കറിയാം. 'ഉമർ മൗലവിയുടെ മനഃസാക്ഷി' എന്ന പേരിൽ ലേഖനമെഴുതി തെറ്റുധരിപ്പിക്കാൻ ശ്രമിച്ചവരൊക്കെയുണ്ട്. അന്നുതന്നെ നമ്മളതിനെ ഖണ്ഡിച്ചുകൊണ്ട് സത്യാവസ്ഥ വ്യക്തമാക്കി, സംഭവങ്ങൾ ഉദ്ധരിച്ചുകൊണ്ട് എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഏതായിരുന്നാലും ഈ വിഷയത്തിൽ ഉമർ മൗലവി വ്യക്തമായി എഴുതിയത് നമ്മുടെ മുമ്പിലുണ്ടായിരിക്കെ, അതിന് വിരുദ്ധമായി മൗലവി മുഹമ്മദ് കുട്ടശ്ശേരി എഴുതിയത് അംഗീകരിക്കാൻ ആർക്കാണ് കഴിയുക?

ബഹുമാന്യ പണ്ഡിതനും കെ.എൻ.എമ്മിന്റെ ദീർഘകാല ജനറൽ സെക്രട്ടറിയും സുല്ലമുസ്സലാം അറബിക്കോളേജിന്റെ പ്രിൻസിപ്പാളുമായിരുന്ന കെ.പി.മുഹമ്മദ് മൗലവിയെപ്പറ്റി കുട്ടശ്ശേരി എഴുതിയത് അവഗണിക്കേണ്ട കാര്യമല്ല. ഈ വിഷയത്തിൽ കെ.പിയുടെ അഭിപ്രായമെന്തായിരുന്നു എന്നറിയുന്നവർ വ്യക്തമാക്കട്ടെ. കെ.പിയുടെ ഗ്രന്ഥങ്ങളിലെവിടെയെകിലും ഈ വിഷയം വന്നിട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ.

എന്നാലും കുട്ടശ്ശേരി എഴുതിയ വാചകങ്ങൾ ഗൗരവമുള്ളതാണ്. നബിﷺക്ക് സിഹ്ർ ബാധിച്ചു എന്ന് പറയുന്ന സ്വഹീഹുൽ ബുഖാരിയിൽ ഉദ്ധരിച്ച ഹദീഥിലെ പരാമർശം തള്ളിക്കളഞ്ഞു എന്ന ചിലരുടെ അഭിപ്രായത്തോട് ഉമർ മൗലവി യോജിച്ചു എന്ന് പറഞ്ഞതിനു ശേഷം 'കെ.പിയും അതിനെ അനുകൂലിച്ചു; കാരണം കെ.പി കടുംപിടുത്തക്കാരനായിരുന്നില്ല. പ്രായോഗിക ചിന്തയാണ് അദ്ദേഹത്തിൽ മികച്ചുനിന്നിരുന്നത്' എന്നാണ് കുട്ടശ്ശേരി എഴുതിയിരിക്കുന്നത്.

സ്വഹീഹുൽ ബുഖാരിയിലുള്ള ഒരു ഹദീഥിലെ പരാമർശത്തോട് കെ.പി പ്രതികൂലിക്കുമോ? കെ.പിയെ വളരെ അടുത്ത് പരിചയമുള്ള പലരും ഇന്നും ജീവിച്ചിരിക്കുന്നുണ്ടല്ലോ. ഇതെഴുതുന്നയാൾക്കും കെ.പിയെ അടുത്തറിയാമായിരുന്നു. സ്വഹീഹായ ഒരു ഹദീഥിലെ വിഷയം തള്ളിക്കളയുന്ന കൂട്ടത്തിലായിരുന്നില്ല കെ.പി. ഹദീഥിനെ മാനിക്കുന്ന അദ്ദേഹത്തിന് ക്വുർആനിലും ഹദീഥിലും ഉസ്വൂലിലും ഫിക്വ്ഹിലുമൊക്കെ നല്ല ജ്ഞാനമുണ്ടായിരുന്നു. ധാരാളം രചനകൾ കെ.പിയുടേതായി നമുക്കു മുമ്പിലുണ്ട്. നേരിട്ട് കെ.പിയെ കാണാത്ത പുതുതലമുറക്ക് ആ ഗ്രന്ഥങ്ങളിലൂടെ ഒന്ന് കണ്ണോടിച്ചാൽ തന്നെ അദ്ദേഹത്തിന്റെ ജ്ഞാനത്തെപ്പറ്റി ബോധ്യംവരും. മുഹമ്മദ് അമാനി മൗലവി ക്വുർആൻ വ്യാഖ്യാനം എഴുതിയതിനു ശേഷം കെ.പിയുമായി ഒന്നിച്ചിരുന്ന് വായിക്കാറുണ്ടായിരുന്നു. ഇമാം ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ച ഒരു ഹദീഥിനെ സ്വീകരിക്കാത്ത വ്യക്തിയായിരുന്നോ കെ.പി? ഒരിക്കലുമല്ല.

ക്വുർആന്റെ വ്യക്തമായ പ്രസ്താവനക്ക് വിരുദ്ധവും നബിﷺയുടെ പവിത്രതക്ക് നിരക്കാത്തതും എന്നാണല്ലോ കുട്ടശ്ശേരി വിഷയം തള്ളിക്കളയാൻ കാരണമായി പറയുന്നത്. യഥാർഥത്തിൽ ക്വുർആന്റെ പ്രസ്താവനക്ക് അത് വിരുദ്ധമാണോ? നബിﷺ സിഹ്റ് ബാധിച്ച് അടിസ്ഥാനമില്ലാത്ത എന്തെങ്കിലുമൊക്കെ ജനങ്ങളോട് പറയുന്നവനാണെന്നോ, അങ്ങനെ പറയുന്ന കാര്യങ്ങളാണ് ജനങ്ങൾ പിൻപറ്റുന്നതെന്നോ ഹദീഥിലില്ല. ശാരീരികമായ ചില പ്രതികരണങ്ങളും ശൈത്വാന്റെ സ്വാധീനംകൊണ്ടുണ്ടാകാം എന്നാണ് അഹ്‌ലുസ്സുന്നത്തി വൽ ജമാഅഃയുടെ അക്വീദ. നബിﷺയുടെ പവിത്രതക്ക് നിരക്കാത്ത ഒന്നും സംഭവിച്ചിട്ടില്ല. നബിﷺ ദൈവദൂതനാണെന്നതുപോലെ ഒരു മനുഷ്യനുമാണ്. വിചാരവും വികാരവുമുള്ള ഒരു മനുഷ്യൻ. ദിവ്യത്വമില്ല. എന്നാൽ വഹ്‌യ് ലഭിക്കുന്ന, മനുഷ്യരിൽനിന്ന് അല്ലാഹു തെരഞ്ഞെടുത്ത ഉൽകൃഷ്ടനാണദ്ദേഹം.

കെ.പി പ്രസ്തുത പരാമർശം തള്ളിക്കളഞ്ഞവരെ അനുകൂലിച്ചു എന്നതിന് കാരണമെന്നോണം കുട്ടശ്ശേരി പറയുന്നത് 'കെ.പി കടുംപിടുത്തക്കാരനായിരുന്നില്ല' എന്നാണ്. സ്വഹീഹായ ഹദീഥിനെ തള്ളിക്കളയുന്നതാണോ കടുംപിടുത്തമില്ല എന്നതിന്റെ അടയാളം? സ്വഹീഹായ ഹദീഥ് സ്വീകരിക്കൽ കടുംപിടുത്തമാണെങ്കിൽ കെ.പിയും ഉമർ മൗലവിയും കടുംപിടുത്തക്കാരായിരുന്നു എന്നുതന്നെ പറയേണ്ടിവരും. പ്രായോഗിക ചിന്ത എന്നാൽ ഹദീഥ് തള്ളലാണോ?

സത്യസന്ധരായ നിവേദകർ മുഖേന റിപ്പോർട്ട് ചെയ്യപ്പെട്ട, സ്വീകാര്യമാകാനുള്ള നിബന്ധനകൾ പൂർത്തിയായ ഹദീഥുകൾ തള്ളിക്കളയാൻ പാടില്ല. കാരണം ക്വുർആനും ഹദീഥുമാണ് മതത്തിന്റ ആധാരം. നക്വ്‌ലും അക്വ്‌ലുമുണ്ട്. നക്വ്‌ലിനെക്കാൾ താഴെയേ അക്വ്‌ൽ (ബുദ്ധി) വരാവൂ. നക്വ്‌ലിനാണ് സലഫികൾ പ്രാധാന്യം കൊടുക്കുക. കാരണം അക്വ്‌ലിന് പരിമിതികളുണ്ട്. നക്വ്‌ൽ അല്ലാഹുവിൽനിന്നും റസൂലിൽനിന്നുമുള്ളതാണ്. റസൂലിൽനിന്നുള്ളത് യഥാർഥത്തിൽ അല്ലാഹുവിൽനിന്നുള്ളത് തന്നെയാണ്. അക്വ്‌ലിന് പ്രാധാന്യം നൽകുന്ന അക്വ്‌ലാനികൾക്ക് പല ഹദീഥുകളും തള്ളേണ്ടിവരും. സ്വഹീഹായ ഹദീഥിനെ നിഷേധിക്കുന്നവർ സലഫി പാത കൈവെടിഞ്ഞവരാണ്. അവർ ഏത് ഗ്രൂപ്പുകാരായിരുന്നാലും.

ഡോ. ഉസ്മാൻ സാഹിബ് 1970കളിലും 80കളിലും ജിന്ന്, ശൈത്വാൻ, അവയുടെ സ്വാധീനം എന്നിവയപ്പറ്റി 'സൽസബീൽ' മാസികയിൽ സുദീർഘമായി, നിരന്തരമായി എഴതിയിട്ടുണ്ട്. പല സംശയങ്ങളും ചോദ്യങ്ങളും വന്നത് ഉമർ മൗലവി സൽസബീലിൽ പ്രസിദ്ധീകരിക്കുകയും അവക്ക് ഡോക്ടർ വിശദമായ മറുപടി എഴുതുകയുമുണ്ടായി. അവയെല്ലാം സമാഹരിച്ച് പിന്നീട് പലരും പുസ്തകമാക്കിയിട്ടുണ്ട് എന്നതു കൂടി ഓർക്കുക.

ഏതായിരുന്നാലും അക്വ്‌ലാനികളുടെ കൂട്ടത്തിലായിരുന്നു ഉമർ മൗലവിയും കെ.പി.മുഹമ്മദ് മൗലവിയും എന്ന് സ്ഥാപിക്കാനോ പ്രചരിപ്പിക്കാനോ ശ്രമിക്കേണ്ടതില്ല എന്നു മാത്രം പറഞ്ഞുകൊള്ളട്ടെ. ചരിത്രസത്യത്തെ തമസ്കരിക്കാൻ ആരൊക്കെ ശ്രമിച്ചാലും സത്യം സത്യമായിത്തന്നെ നിലനിൽക്കുമെന്നറിയുക.